ഹോം ലാബ്

കുട്ടുകാർക്ക് സ്വന്തമായി ചെയ്യാവുന്ന പരീക്ഷണങ്ങളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പംക്തിയാണിത്. ശ്രദ്ധയോടെ ചെയ്തു നോക്കി നിങ്ങൾ കണ്ടെത്തിയ വിവരങ്ങളും, നിർദേശിക്കുന്ന മറ്റ് കാര്യങ്ങളും editorsk12@gmail.com എന്ന ഇ മെയിലിലേക്കോ 9497301073 എന്ന വാട്സാപ് നമ്പറിലേക്കോ അയച്ചുതരൂ. മികച്ചവ പ്രസിദ്ധീകരിക്കാം. നിങ്ങളുടെ പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്, സ്കൂൾ വിലാസം എന്നിവ ചേർക്കാൻ വിട്ടുപോകരുതേ.

# തീപ്പെട്ടിക്കമ്പിന്റെ മായാജാലം




എം.പി.സനിൽകുമാർ

അടി തെറ്റിയാൽ ആനയും വീഴും എന്നൊരു ചൊല്ലുണ്ട്. ഇത് വെറുമൊരു ചൊല്ലല്ല എന്നാണല്ലോ അനുഭവം. മേശയുടെ അരികിൽ വെച്ച ഒരു തീപ്പെട്ടിക്കൊള്ളിയിൽ ഒരു ഭാരം തൂക്കിയിടാനാകുമോ? നമുക്കൊന്ന് പരീക്ഷിച്ചു നോക്കിയാലോ?

മൂന്നു തീപ്പെട്ടിക്കൊള്ളികളെടുത്ത് അവയുടെ മരുന്നുള്ള ഭാഗം പൊട്ടിച്ചുകളയുക. അവയിൽ ഒന്ന് ഒരു മേശയുടെ അരികിൽ പകുതിയോളം പുറത്തു വരത്തക്കവിധത്തിൽ വെക്കുക. കൊള്ളിയുടെ മുകളിലായി മേശയിൽ സ്പർശിക്കുന്ന ഭാഗത്ത് ഒരു ഭാരം വെക്കണം. ഇനി കൊള്ളിയിൽ ട്വയിൻ നൂൽ ഉപയോഗിച്ച് ചിത്രം 1 ൽ കാണുന്നതുപോലെ ഒരു ഭാരം തൂക്കിയിട്ടോളൂ. ഈ കൊള്ളിയുടെ അല്പം താഴെയായി രണ്ടാമത്തെ കൊള്ളി നൂലുകൾക്കിടയിലായി ഘടി

(ശേഷം 35 ാം പേജിൽ)



4 വിരിച്ചു കിടക്കാൻ ഉപയോഗിക്കാവുന്നത്.
5 മഹത്വമുള്ള സ്ത്രീ.
7 തന്റെ കാലശേഷം ആരിലേക്കാണ്, ഏതളവിലാണ് സ്വത്തുവകകൾ എത്തിച്ചേരേണ്ടത് എന്ന് വ്യക്തമാക്കാൻ ഉടമസ്ഥൻ തയ്യാറാക്കുന്ന രേഖ.
8 പ്രസിദ്ധമായ മാവേലിപ്പാട്ടിൽ 'വ്യാധി'യോട് ചേർത്തു പറഞ്ഞിരിക്കുന്ന പദമാണ്.
11 ബൃഹദാരണ്യകം എന്ന ഉപനിഷത്തിന്റെ കർത്താവ് ഇദ്ദേഹമെന്ന് കരുതപ്പെടുന്നു.
12 'പഥേർ പാഞ്ജലി'യിലെ കഥാപാത്രമാണ്. (മൂന്നു കളം)
13 വെബ്, ലോഗ് എന്നീ രണ്ടുപദങ്ങൾ ചുരുങ്ങി ഈ പദമായിത്തീർന്നു.
17 രശ്മി (ray)തന്നെ.
18 പ്രധാനപ്പെട്ട ഒരു സാഹിത്യരൂപം.
19 കുറ്റം, കുറവ് എന്നൊക്കെയർഥം.

## ഡിസംബർ 2021 : ഉത്തരം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 ഒ | റ്റ | 2 മൂ | 3 ലി | | | 4 അ | ന്ത | 5 രം |
| റൈ | | ഷി | റ്റ് | | 6 ശി | ക്ഷ | | ഗം |
| സ | | 7 ക | മ | ലം | | 8 ര | 9 മ | |
| 10 സ | മ | ൻ | സ് | | 11 ക | മാ | നം | |
| റ്റൈ | | | | 12 വാ | നി | ല | | 13 ബ |
| 14 വ | 15 ക്ര | ത | | ഹി | | | 16 ബാ | ഹു |
| | മ | | 17 ത | നി | 18 മ | | ലി | വ |
| 19 അ | ഭം | ഗു | രം | | ക | | | ച |
| 20 യോ | ഗം | | 21 ഗം | ഭീ | രം | | 22 മാ | നം |

## ഡിസംബർ 2021 വിജയികൾ

### സമ്മാനാർഹരായ സ്കൂൾ വിദ്യാർഥികൾ

**അതുൽ കെ.എം.**, (ക്ലാസ് 9, സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്. കുട്ടനെല്ലൂർ), കണ്ണമ്പുള്ളി വീട്, പി.ഒ.പുത്തൂർ, തൃശ്ശൂർ - 680 014 ഫോൺ : 9895705773

**അഭിവാദ് എ.എസ്.**, (ക്ലാസ് 9, ഗവ.വി.എച്ച്.എസ്.എസ്. ആര്യനാട്), പ്രകൃതി, ആര്യനാട്, തിരുവനന്തപുരം - 695 542

### സ്കൂൾ വിദ്യാർഥിയല്ലാത്ത വിജയി

**സുകുമാരി ടി.എൻ.**, പാറച്ചാലിൽ, പി.ഒ.കൊമ്പനാട്, എറണാകുളം - 683 546 ഫോൺ: 9497248447

**കെ.ആർ.അശോകൻ**

*(33 ാം പേജ് തുടർച്ച)*

പ്പിക്കുക (ചിത്രം 2). ഈ കൊള്ളിയുടെ മധ്യഭാഗത്തായി മൂന്നാമത്തെ കൊള്ളി തൊട്ടുവെച്ചുകൊണ്ട് മേശപ്പുറത്തുള്ള കൊള്ളിയുടെ അറ്റവുമായി ചേർത്ത് ഘടിപ്പിച്ചു നിർത്തുക (ചിത്രം 3). നല്ല സൂക്ഷ്മതയോടെയും ക്ഷമയോടെയും ചെയ്യണേ. ഇനി സാവധാനത്തിൽ ആദ്യത്തെ കൊള്ളിയുടെ മുകളിൽ വെച്ച ഭാരം നീക്കി നോക്കൂ. മേശപ്പുറത്തു വെച്ച കൊള്ളി ഒരു താങ്ങുമില്ലാതെ ഭാരത്തെ താങ്ങി നിർത്തുന്ന അത്ഭുതക്കാഴ്ച കാണാം (ക്യൂ.ആർ. കോഡ് വീഡിയോ കാണുക).

എന്തുകൊണ്ടാണ് ഭാരം വീഴാതിരിക്കുന്നത്? ഈ പരീക്ഷണം ചെയ്തശേഷം അനുയോജ്യമായ മാറ്റങ്ങൾ വരുത്തി ആവർത്തിച്ച് ഇതിന്റെ ഉത്തരം കണ്ടെത്താൻ ശ്രമിക്കൂ.

ഈ പരീക്ഷണത്തിലടങ്ങിയ ശാസ്ത്രതത്ത്വം പ്രയോജനപ്പെടുത്തി ഒരു ശാസ്ത്രകളിപ്പാട്ടം നിർമിക്കാനാവുമോ? ക്യൂ.ആർ.കോഡിൽ ഇത്തരത്തിലുള്ള ഒരു ശാസ്ത്രകളിപ്പാട്ടം കൊടുത്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഒരു കളിപ്പാട്ടം നിങ്ങളും സ്വന്തമായി നിർമിക്കൂ. കൂട്ടുകാർ സ്വന്തമായി നിർമിച്ച കളിപ്പാട്ടത്തിന്റെ ചെറുവീഡിയോ തയ്യാറാക്കി നിർമാണ രീതിയും നിരീക്ഷണങ്ങളും പരീക്ഷണത്തിലെ കണ്ടെത്തലുകളും നിർദേശത്തിൽ കൊടുത്തതുപ്രകാരം അയച്ചുതരാൻ മറക്കല്ലേ.